Malayalam | മലയാളം

# പ്രയോരിറ്റി പ്രൈമറി കെയർ സെന്ററുകൾ

## നിങ്ങൾക്ക് അത്യാവശ്യമായി ഒരു ഡോക്ടറെ കാണണോ?

പ്രയോരിറ്റി പ്രൈമറി കെയർ സെന്ററുകൾ (PPCC) അടിയന്തിര പരിക്കുകളോ രോഗമോ ഉള്ള ഏതൊരാൾക്കും സൗജന്യ ചികിത്സ നൽകുന്നു.

PPCC ഡോക്ടർമാർ നിങ്ങൾക്ക് ആവശ്യമായ ചികിത്സ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തേക്കാൾ വേഗത്തിൽ ലഭിക്കുന്നതിന് നിങ്ങളെ സഹായിക്കും.

നേരിയ അണുബാധകൾ, ചെറിയ പൊള്ളൽ, ഉളുക്ക് അല്ലെങ്കിൽ അസ്ഥിയിൽ ഒടിവ് സംശയിക്കുന്ന അവസ്ഥകൾ എന്നിവ ചികിത്സിക്കാൻ അവർക്ക് കഴിയും. PPCC സേവനങ്ങളിൽ പാത്തോളജി, റേഡിയോളജി, ഫാർമസി എന്നിവ ഉൾപ്പെടുന്നു.

**നിങ്ങൾക്ക് ഗുരുതരമായ ഒരു പരിക്കോ അസുഖമോ ഉണ്ടെങ്കിൽ, ട്രിപ്പിൾ സീറോയിൽ (000) വിളിക്കുക. നിങ്ങൾക്ക് അടിയന്തിര പരിചരണം ആവശ്യമില്ലെങ്കിൽ, നിങ്ങളുടെ പതിവ് ഡോക്ടറെ കാണാൻ സമയം നിർണ്ണയിക്കുക.**

**മെഡികെയർ കാർഡ് ഉള്ളതോ ഇല്ലാത്തതോ ആയ എല്ലാവർക്കും** PPCC സേവനങ്ങൾ സൗജന്യമാണ്.

PPCC-കളിൽ വ്യാഖ്യാതാക്കൾ ലഭ്യമാണ്. 131 450 എന്ന നമ്പറിൽ ട്രാൻസ്ലേറ്റിങ്ങ് ആൻഡ് ഇന്റർപ്രെറ്റിങ്ങ് സർവീസ് ടിഐഎസ് നാഷണലിനെ വിളിക്കുക.

**ലൊക്കേഷനുകൾക്കും കൂടുതൽ വിവരങ്ങൾക്കും വേണ്ടി ബെറ്റർ ഹെൽത്ത് ചാനൽ സന്ദർശിക്കുക: betterhealth.vic.gov.au/priority-primary-care-centres**

TIS TRANSLATING AND INTERPRETING SERVICE

phn VICTORIAN-TASMANIAN ALLIANCE
An Australian Government Initiative

VICTORIA State Government